**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6231 08.07.2014 - ലെ മറുപടിക്ക്

**താഴ്ന്ന വിഭാഗം ജീവനക്കാരുടെ തസ്തികമാറ്റം വഴിയുള്ള നിയമനം**

**ചോദ്യം**

ശ്രീ. പി.സി. ജോർജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

(എ) വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക്/ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ പത്തു ശതമാനം അതതു വകുപ്പുകളിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നല്കുന്ന ഉത്തരവു പ്രകാരം നാളിതുവരെ എത്ര ഒഴിവുകൾ നികത്തിയിട്ടുണ്ട്; വകുപ്പ് തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ ;

(ബി) ഓരോ വകുപ്പിലും ഇത്തരത്തിൽ നിയമനം ലഭിക്കേണ്ടവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ഓരോ വകുപ്പിലും ഇത്തരം ജീവനക്കാരുടെ എണ്ണം എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജീവനക്കാരുടെ പട്ടിക തയ്യാറാക്കാത്ത വകുപ്പുകൾ ഏതൊക്കെയെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത വകുപ്പുകൾക്ക് പട്ടിക തയ്യാറാക്കുന്നതിൽ നേരിടുന്ന തടസ്സങ്ങൾക്ക് കാരണമെന്താണെന്നറിയിക്കുമോ;

(ഇ) സമയബന്ധിതമായി പ്രസ്തുത പട്ടിക തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നല്കുമോ ?

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
ബഹു. മുഖ്യമന്ത്രി

(എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും

ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് വകുപ്പുതല പ്രൊമോഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഓരോ വകുപ്പിലും ഉണ്ടാകുന്ന ഒഴിവുകൾ നികത്തേണ്ടതും പട്ടിക തയ്യാറാക്കേണ്ടതും അതാതു വകുപ്പിന്റെ നിയമനാധികാരികളാണ്. ഓരോ വകുപ്പിലും ഇത്തരത്തിൽ നിയമനം ലഭിക്കേണ്ടവരുടെ പട്ടിക പല വകുപ്പു മേധാവികളും തയ്യാറാക്കി വരുന്നെങ്കിലും ഇക്കാര്യത്തിന്മേൽ കൂടുതൽ വ്യക്തത ആവശ്യപ്പെട്ട് വിവിധ സംഘടനകളും വകുപ്പ് തലവന്മാരും സർക്കാരിൽ നിവേദനങ്ങളും കത്തും നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ